# ആമുഖം.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായുണ്ട്. സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന് സഹായകമാകുന്ന ഒന്നാണ്. നമ്മുടെ വിദ്യാലയത്തെ ഒരു മികച്ച വിദ്യാലയമാക്കാൻ അക്കാദമിക മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുമെന്ന് സുനിശ്ചിതമാണ്. വിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ പ്രോജക്റ്റുകളും മികച്ച രീതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിദ്യാലയമാണ് ടിഡിജിഎൽപിഎസ്, കൊച്ചി-2. അക്കാദമികവും കലാപരവും, ശാസ്ത്രപരവും പ്രവൃത്തിപരിചയവും മേഖലകളിൽ ഞങ്ങളുടെ വിദ്യാലയം മുന്നിൽ നിൽക്കുന്നു. വരും വർഷങ്ങളിലും ഈ കുതിപ്പ് തുടരുവാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകമാകട്ടെ.

ഹെഡ്മിസ്ട്രസ്
ബീന. ആർ.

പിടിഎ പ്രസിഡന്റ്
ശ്രീകാന്ത്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ടിഡിജിഎൽപിഎസ് |
| മേൽവിലാസം | : മട്ടാഞ്ചേരി<br>കൊച്ചി-2<br>എറണാകുളം. |
| ഫോൺ | : 0484-2212029 |
| സ്കൂൾ കോഡ് | : 26309 |
| വിദ്യാഭ്യാസ ഉപജില്ല | : മട്ടാഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | : എറണാകുളം |
| ബി ആർ സി | : മട്ടാഞ്ചേരി |
| കോർപറേഷൻ | : കൊച്ചി |
| നിയമസഭാ മണ്ഡലം | : കൊച്ചി |
| ലോകസഭാ മണ്ഡലം | : എറണാകുളം |
| ഇമെയിൽ വിലാസം | : jyotitdglps@gmail.com |
| ഫെയ്സ്ബുക്ക് | : TDGLPS |
| സ്കൂൾ വിക്കി | : |

## ടി.ഡി.ജി.വി.എൽ.പി സ്കൂൾ - മട്ടാഞ്ചേരി.

തിരുമല ദേവസ്വം കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം കൊച്ചി കോർപ്പറേഷനിലെ ഡിവിഷനിലാണ് സ്ഥിതി ചെയ്യുന്നത്. മട്ടാഞ്ചേരി വില്ലേജിൽ ഉൾപ്പെടുന്ന ഈ വിദ്യാലയത്തിലെ മുൻവശത്തു കൂടി പാലസ് റോഡ്, വലതു ഭാഗത്ത് ജി.എച്ച്.എസ്സ് റോഡ് കടന്നു പോകുന്നു. മട്ടാഞ്ചേരി ടൗൺ ഹാൾ, വില്ലേജ് ആഫീസ്, പുരാവസ്തു വകുപ്പിന്റെ ഒരു കെട്ടിടം, ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, എൽ.പി. സ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ, വിദ്യാലയത്തിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്നു. ടി.ഡി. ജി.എൽ.പി. സ്കൂളിന്റെ കോമ്പൗണ്ടിനടുത്ത് മുൻ ഭാഗത്തായി ടി.ഡി.എച്ച്.എസ്സ്, ടി.ഡി.ടി.ടി.ഐ എന്നിവ പ്രവർത്തിച്ചു വരുന്നു. ഈ വിദ്യാലയത്തിൽ സ്റ്റാൻഡേർഡ് ഒന്നു മുതൽ നാലു വരെ ക്ലാസ്സുകൾ എയ്ഡഡ് തലത്തിൽ പ്രവർത്തിച്ചു വരുന്നു.

ഗൗഡ സാരസ്വത സമുദായത്തിലെ
പെൺകുട്ടികളുടെ വിദ്യാഭ്യാസത്തി
ന്റെ ഉന്നമനത്തിനായി കൊച്ചി തിരുമല
ദേവസ്വത്തിന്റെ നേതൃത്വത്തിൽ സൗജന്യ
വിദ്യാഭ്യാസവും സൗജന്യഭക്ഷണവും
നൽകി വരുന്നു. വിദ്യാഭ്യാസ പരമായി
ഒരു നല്ല സംസ്ക്കാരം ഗൗഡസാരസ്വത
സമുദായത്തിന് ഉണ്ടാകണം എന്ന്
ഉൾക്കാഴ്ച്ചയോടെ ക്ഷേത്രത്തോടനു
ബന്ധിച്ച് ധർമ്മശാലയായി നടത്തിയ
സ്ഥാപനമാണ് ഇത്. എ.ഡി 1908ൽ
സ്ഥാപിതമായി. ഈ വിദ്യാലയത്തി-
ലെ ആദ്യത്തെ പ്രധാനാദ്ധ്യാപക
നായിരുന്നു ശ്രീ പത്മനാഭ ബാളിഗ

## സ്ത്രീകളുടെ ജീവിത നില.

വാരം ഉയർത്തുന്നതിനും മെച്ചപ്പെ-
ടുത്തുന്നതിനും വേണ്ടി തൊഴിലധി-
ഷ്ഠിതമായ വിദ്യാഭ്യാസം ആവശ്യമെന്ന്
മനസ്സിലാക്കിക്കൊണ്ടു തുന്നൽ,
പ്രവർത്തിപരിചയം, ചിത്രരചന,
നൃത്തം, സംഗീതം എന്നീ വിഷയങ്ങളിൽ
കുട്ടികൾക്ക് വിദ്യാഭ്യാസം നൽകി
വന്നിരുന്നു. സമൂഹത്തിനു വേണ്ടി
മുന്നിട്ടിറങ്ങിയ ജി.എസ്.ബി.
സമുദായത്തിലെ ആദ്യത്തെ വനിത

അദ്ധ്യാപികയായിരുന്നു ശ്രീമതി എൻ. എം. സരസ്വതിഭായ്. കേരള-ത്തിലെ തന്നെ ആദ്യത്തെ വനിതാ നടുന്നൽ അദ്ധ്യാപികയും കൂടി-യായിരുന്നു ശ്രീമതി എൻ. എം. സരസ്വതിഭായ്.

നമ്മുടെ വിദ്യാലയത്തിന് വേണ്ട നിർദ്ദേശങ്ങളും സഹായ-ങ്ങളും നൽകി സഹായിച്ചു വരുന്ന ടി.ഡി. കോർപ്പറേറ്റ് എഡ്യുകേഷൻ ട്രസ്റ്റ് എന്നും ഞങ്ങൾക്ക് ഒരു മുതൽക്കൂട്ടാണ്.

# ലക്ഷ്യങ്ങൾ

1. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയത്തിലെത്തിക്കുക.

2. ശാരീരികമോ മാനസികമോ ബൗദ്ധികമോ ആയ വ്യത്യസ്തരായ കഴിവുകളുള്ളവരെ പഠിക്കാനും വിജയം കൈവരിക്കാനും പ്രാപ്തരാക്കുക.

3. കുട്ടികളുടെ പഠനം, പരിരക്ഷ എന്നീ കാര്യങ്ങളിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കൽ.

4. പഠിതാവിന്റെ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.

5. വിവിധ കലകളെ അറിയുക, കുട്ടികളുടെ അഭിരുചിക്കനുസരിച്ച് അവ അഭ്യസിക്കുന്നതിനുള്ള അവസരമൊരുക്കുക.

6. കുട്ടികളുടെ പ്രായം, മാനസികനില എന്നിവ കണക്കിലെടുത്ത് സർഗ്ഗശേഷിയും ബുദ്ധിയും

ബഹുതലങ്ങളെയും ഉദ്ദീപിപ്പിക്കുന്ന രീതിയിലുള്ള I.C.T. സാദ്ധ്യതകൾ ഉപയോഗിക്കുക.

7. സ്വതന്ത്ര വായനക്കാരാകുക.

8. രചനാപരമായ കഴിവുകൾ വികസിപ്പിക്കുക.

9. ക്ലാസ്സ്, ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ പരിപോഷിപ്പിക്കുക.

10. ദിനാചരണങ്ങളുടെ പ്രാധാന്യം

# അക്കാദമികം

## നേട്ടങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപകർ.
* ശിശുസൗഹൃദ ഹൈടെക് മുറികൾ ഉള്ള വിദ്യാലയം.
* ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം.
* കലാപഠനം, പ്രവൃത്തിപരിചയം, കായികം, യോഗ, എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
* പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു.
* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യക്തിഗത സപ്പോർട്ട്.
* സർഗവേളകൾ, പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ എന്നിവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു
* ഹരിത പ്രോട്ടോക്കോൾ, ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ.

## പരിമിതികൾ

* മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
* സയൻസ്, സാമൂഹ്യ ലാബുകൾ മെച്ചപ്പെടാനുണ്ട്.
* വായന പ്രോത്സാഹിപ്പിക്കാറുണ്ടെങ്കിലും എല്ലാ കുട്ടികളിലേക്കും എത്തിക്കാൻ കഴിഞ്ഞിട്ടില്ല.
* ഹൈടെക് അധിഷ്ഠിത പഠനത്തിന് കമ്പ്യൂട്ടറുകളുടെ അഭാവം. ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠനപ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിക്കാൻ പ്രയാസം നേരിടുന്നു

# ഡയറി

പ്രവർത്തനം-1

പേര് : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക. | കുട്ടികൾക്ക് പുസ്തക പരിചയത്തിനായി ലഘുവിവരണ-ത്തോടെ പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് പരിചയ-പ്പെടുത്തുന്നു. അസംബ്ലിയിൽ ഒരു പുതിയ പുസ്തകം പരി-ചയം നടത്തുന്നു. | അസംബ്ലിയിൽ ആഴ്ചതോറും | ബിന്ദു ടീച്ചർ | |

പ്രവർത്തനം-2

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും വായനാമൂല സജ്ജീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ജോസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | പിന്നീട് പുസ്തകം പരിചയപ്പെടുത്തുക അവതരിപ്പിക്കൽ വെച്ച് കുട്ടികൾ നിശ്ശബ്ദ വായന ശേഖരണം. | | | |

പ്രവർത്തനം-3
പേര്: നിശബ്ദവായന
ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാന്ദർഭിക വിലയിരുത്തൽ |
|---|---|---|---|---|
| നിശബ്ദ വായനാശീലം വികസനം | നിശബ്ദമായ കഥ-കൾ വായിച്ച് നൽകി കുട്ടികളെ വായനയിലേക്ക് ആകർഷിപ്പിക്കുന്നു. കുട്ടികൾ നിശബ്ദമായി അവ-തരിപ്പിക്കുന്നു. | രണ്ടാഴ്ച-യിൽ ഒരിക്കൽ. | പി.ടി.എ | |

പ്രവർത്തനം-4
പേര്:- ഇംഗ്ലീഷ് പത്രവായന
ഉപമേഖല:- വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാന്ദർഭിക വിലയിരുത്തൽ |
|---|---|---|---|---|
| വായന പതിവാക്കുമായി | ഇംഗ്ലീഷ് പത്രത്തിലൂ-ടെ ഒരു ദിനം | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഒരു കുട്ടിക്കുള്ള വായന. കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ ആസ്വാദന അവതരണം നടത്തുന്നു. | മാർച്ച് വരെ | | |

പ്രവർത്തനം-5

പേര്:- വിജ്ഞാനകൂടം

മേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഹിതം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ദിനങ്ങളിൽ കുട്ടികൾക്കിടയിൽ. പുസ്തകങ്ങളുമായി കൂട്ടു കൂടി കൂട്ടങ്ങൾ സംഘടിപ്പിക്കാൻ. ഭിന്നനിലവാരക്കാരുടേത് വായനാനിലവാരത്തിലെ പുസ്തകങ്ങൾ വായിക്കാൻ അവസരം. വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള പുസ്തകക്കുറിപ്പുകൾ | ജൂൺ മുതൽ മാർച്ച് വരെ | ലൈബ്രറി കമ്മിറ്റി<br>• ബിന്ദു ടീച്ചർ<br>• വിദ്യ ടീച്ചർ<br>• സന്തോഷ് സാർ.<br>ക്ലാസ് ടീച്ചർ | |

പ്രവർത്തനം-6
പേര്:- സ്കൂൾ ലൈബ്രറി
ഉപമേഖല:- വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| വിദ്യാർത്ഥന ശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി-സജ്ജമാക്കൽ. സ്കൂൾലൈബ്രറി-യെ നവീകരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ | |

പ്രവർത്തനം-7
പേര്:- രചനാശില്പശാല
ഉപമേഖല:- വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| വിദ്യാർത്ഥിക ഭാഷാ വ്യവഹാര രൂപങ്ങളിൽ ഉപയോഗ ശേഷി. | വിവിധ വായനയിലൂടെ സാഹിത്യകാരന്മാർ പരിചയം. എഴുത്തും വായനയും ലക്ഷ്യ സ്വായത്തമാക്കൽ സർഗാത്മ സാഹിത്യ വേദിയൊരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ | Brayalat | |

പ്രവർത്തനം - 8

പേര്: ക്ലാസിലെ കയ്യെഴുത്ത് മാസിക

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള ശേഷി കണ്ടെത്തുക | വായനക്കുറിപ്പുകൾ ആസ്വാദനക്കുറിപ്പുകൾ കഥ - കവിതാ രചന. അദ്ധ്യയനവർഷത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസിലെ കയ്യെഴുത്ത് മാസിക. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 9

പേര്: ക്ലാസിലെ പതിപ്പുകൾ

ഉപമേഖല:- ക്ലാസ് തല പതിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വിവിധ | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ | എല്ലാ | | |

| | | | | |
|---|---|---|---|---|
| ഭാഷയിൽ അറിവുകൾ ആർജിക്കാനുള്ള കഴിവ്. | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ | മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-10

പേര് : സാഹിത്യകാരെ അടുത്തറിയാം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയൽ | • ചിത്രഗ്യാലറി കവികളുടെ ചിത്രങ്ങളും ലഘുവിവരണവും<br>• കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ | | |

പ്രവർത്തനം-11

പേര് : എന്റെ വായനാക്കുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ഓരോ കുട്ടികളെയും അന്താ പുസ്തകങ്ങളായി വായിക്കാനിടം ഒരുക്കുന്നതിനും പ്രേരണയാകുന്നു. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാക്കാർഡുകൾ വായനക്കുറിപ്പിനെ പൂർണ്ണ വിവരണം നൽകുന്നു. | | | |

പ്രവർത്തനം :12

പേര് : കയ്യെഴുത്തുമാസികയും, പ്രിന്റഡ് മാസിക

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| സർഗാത്മകതയെ വളർത്തുന്നതിന്. ലേഖന ശേഷി വർധിപ്പിക്കൽ | സൃഷ്ടികളെ ശേഖരിച്ചിട്ട് കയ്യെഴുത്ത് പ്രസിദ്ധീകരണം ചെയ്യുന്ന ചിത്രങ്ങൾ പ്രിന്റഡ് മാസി തയ്യാറാക്കുന്നു. | വർഷത്തിലൊരിക്കൽ | ക്ലാസ് ഗ്രൂപ്പ് | |

പ്രവർത്തനം : 13

പേര് : ഉദ്ധരണി ശേഖരണം

ഉപമേഖല: വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യകാര ന്മാരുടെ ഉദ്ധ- രണികളായ ശേഖരങ്ങൾ സമാഹരിച്ചി ടൽ | ഉദ്ധരണികളുടെ ശേഖരിക്കൽ ക്വിസ്, ചെറു പ്രഭാഷണം മത്സരങ്ങളെ നടത്തി | അധ്യയ- നവർഷം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 14

പേര് : കലാകേളി

ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലകളെ തിരിച്ചറിയൽ | പാഠഭാഗങ്ങളി ൽ നിന്ന് കണ്ടെ ത്തിയ കലകളെ കൂട്ടുകാർ കണ്ടെ ത്തി അവതരണം കലകളുടെ ഡോക്യുമെന്ററി അവതരണം. | ഓരോ ടേമം അവസാന വും. | ക്ലാസ് ടീച്ചർ പി.ടി.എ | |

പ്രവർത്തനം :15

പേര് : സർഗ്ഗോത്സവം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| കലാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അവതരിപ്പിക്കൽ. | കുട്ടികളുടെ കലാസർഗ്ഗ ശേഷികളും പ്രദർശിപ്പിക്കുന്നു. | വർഷത്തിലൊരിക്കൽ | എച്ച്.എം ക്ലാസ് ടീച്ചർ പി.ടി.എ | |

# ENGLISH

| Aim | Activity | Period | Incharge |
|---|---|---|---|
| * Activity to know the children. | * Pre-Test. | June 1st week | class teacher |
| * Assessment on their vocabulary | * Finding words<br>* Identifying their meanings<br>* Arranging words in alphabetical order<br>* Referring Dictionary. | June | class teacher |
| * To develop their listening ability | * Games<br>* Action Songs<br>* Listening various activities using ICT materials<br>* Hello English Activities | June July | Class teacher |
| * To develop their speaking skills | * Identifying naming words, action words, rhyming words etc<br>* Descriptions, Speech Announcements, story telling, self | July to February | class teacher |

| | | | |
|---|---|---|---|
| | introduction, Picture reading, growing sentences.<br>* Conducts assembly on their own.<br>* Gives a review of the book read. | once in a week. | English Club. |
| * To develop their reading skills. | * Newspaper reading (in class and in assembly)<br>* Reading Library book (in school and at home)<br>* Reading stories using ICT Materials<br>* Reading using reading cards. | June to Febaruary | class teacher |
| * To develop their writing skills | * Making word web<br>* Making sentences<br>* writing descriptions<br>* Making riddles<br>* Conversations<br>* Diary writing<br>* Thoughts<br>* stories<br>* Announcements, Notices | June to Febaruary | Class teacher |

| | | | |
|---|---|---|---|
| | * Bulletin writing - Preparing a bulletin on any subject related to that month.<br>June - Environment day<br>July -<br>August - Independence day.<br>and so on. | once in a month. | class teacher. |
| * WORKSHOPS<br>* Reading cards Preparation | * With the help of parents reading cards are prepared | Every 3 months | class teacher |
| * Story Cards Preparation | * With the help of parents and students who have artistic skills story cards are prepared. | Every 4 months | Class teacher. |
| * Work sheet Preparation. | * In SRG worksheets are prepared on the basis of different activities. | Every Month. | All teachers. |

| | | | |
|---|---|---|---|
| * To improve their presentation power | * In every activity the pupils are given more preferences so that they get a dias to present their skills.<br>* Assembly<br>* CPTA<br>* PTA General body Meeting<br>* Anniversary<br>* Padanotsavam<br>* Onam celebrations<br>* Balasabha<br>* Enlightment classes etc. | June to March | Class teacher |
| * To improve the skills of CWSN children and children with learning disability | മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക എന്ന ഉദ്ദേശത്തോടെ ആസൂത്രണം ചെയ്യുന്ന ഈ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളെയും - ഭിന്നനിലവാരക്കാരെയും ഉൾച്ചേർക്കുന്നതോടൊപ്പം തന്നെ workshop-കളിൽ അവരുടെ നിലവാരം പരിഗണിച്ചു കൊണ്ടുള്ള സാമഗ്രികളും തയാറാക്കുന്നു. അവരുടെ ആശയങ്ങൾ മാതൃഭാഷയിൽ പങ്കുവെയ്ക്കുവാനുള്ള അവസരങ്ങളും ഒരുക്കുന്നു. | | |

# കൊങ്കണി

പ്രവർത്തനം - 1
പേര് - കൊങ്കണി ദിനം
ഉപമേഖല - അടിസ്ഥാനശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൊങ്കണി ഭാഷയിൽ അടിസ്ഥാനശേഷി നേടിയെടുക്കുക | 1 പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>2 മുന്നറിവ് പരിശോധിക്കൽ<br>3 അക്ഷരങ്ങൾ ഉറപ്പിക്കൽ<br>4 വാചകങ്ങൾ നിർമ്മിക്കൽ<br>5 ഭാഷാകളികൾ | രണ്ടു മാസം | കൊങ്കണി ടീച്ചർ | |

പ്രവർത്തനം - 2
പേര് - കൊങ്കണി വായനോത്സവം
ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന കൊങ്കണി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക | 1 വായനാമത്സരം ക്ലാസ് ലൈബ്രറി<br>2 വായനാകുറിപ്പുകൾ<br>3 വായനാകാർഡ് | ജൂൺ മാർച്ച് | കൊങ്കണി ടീച്ചർ | |

പ്രവർത്തനം - 3
പേര് - കൊങ്കണി രചനോത്സവം
ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ | 1 പതിപ്പുകളുടെ നിർമ്മാണം<br>2 വായനാകുറിപ്പ് ശേഖരണം<br>3 ചുമർപത്രങ്ങൾ പോസ്റ്ററുകൾ<br>4 ഭാഷാകളികൾ | ജൂൺ മാർച്ച് | കൊങ്കണി ടീച്ചർ | |

# ഗണിതം

പ്രവർത്തനം - 1.

ഗണിതലാബ്.

ഗണിതക്കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം/ സാമ്പത്തികം | ചുമതല |
| --- | --- | --- | --- |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾ സ്വതന്ത്രമായി ഇടപഴകാൻ സഹായകരമായ രീതിയിൽ ഗണിതലാബ് സജ്ജമാക്കുന്നു. | 2025-'26 PTA | സ്റ്റാഫ് |

പ്രവർത്തനം:-2

ഗണിതമൂല.

ഗണിതക്കേളികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം/ | ചുമതല |
| --- | --- | --- | --- |
| സംഖ്യാബോധം, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, പ്രശ്നപരിഹാരം എന്നീ ആശയങ്ങൾ ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ഒരുക്കൽ. (മഞ്ചാടി, കളിനോട്ട്, അബാക്കസ്, കാർഡുകൾ.....) | ജൂൺ | ക്ലാസ് ടീച്ചർ |

പ്രവർത്തനം - 3.

ഗണിതം മധുരം ഗണിതക്കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ശിൽപശാലകൾ | ജൂലൈ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം - 4.

സിപിടിഎ - ഗണിത ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസിലും നേടേണ്ട ഗണിതാശയങ്ങൾ നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലെയും പാഠങ്ങളിലെ ഗണിതപ്രവർത്തനങ്ങൾക്ക് പറ്റുന്ന സംവിധാനം CPTA യിൽ ഒരുക്കുന്നു | ഓരോ ടേം. | ക്ലാസ് ടീച്ചർ. |

പ്രവർത്തനം - 5.

യൂണിറ്റ് വിലയിരുത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ യൂണിറ്റിലെയും ഗണിതാശയങ്ങൾ കൈവരിക്കൽ. | യൂണിറ്റ് മൂല്യനിർണയം നടത്തി പരിഹാര ബോധനം നടത്തുന്നു. | ജൂൺ to മാർച്ച്. | ക്ലാസ് ടീച്ചർ. |

പ്രവർത്തനം - 6.

ഗണിതാഭിരുചി വളർത്തുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ ഗണിതാഭിരുചി വളർത്തുക. | ഗണിതാഭിരുചി വളർത്തുന്നതിനായി പസിലുകൾ, മാന്ത്രിക ചതുരങ്ങൾ, ജ്യാമിതീയ പാറ്റേണുകൾ നമ്പർ ചാർട്ടുകൾ എന്നിവ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത ക്ലബ്ബ് ക്ലാസ് ടീച്ചർ |

# പരിസരപഠനം

## പ്രവർത്തനം-1

പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)
നാലാം ക്ലാസ്

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

ലക്ഷ്യം : ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ<br>കുട്ടികൾ |

## പ്രവർത്തനം-2

പേര് : പരീക്ഷണ കിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

ലക്ഷ്യം : ശാസ്ത്ര പ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | First Term<br>Second Term<br>Third Term<br>June മുതൽ March വരെ | ക്ലാസ് ടീച്ചർ<br>കുട്ടികൾ |

# സാമൂഹികാവബോധം

## പ്രവർത്തനം 1

പേര് : പ്രാദേശിക അറിവ്

ഉപമേഖല : നാട്ടറിവ്

ലക്ഷ്യം : നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന്
അതിന്റെ തനിമ നിലനിർത്തുന്നതിന്

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുന്നു. പ്രാദേശികമായ വൈവിധ്യമാർന്ന ചിത്രങ്ങൾ ശേഖരിക്കുന്നു. ചുമർപത്രിക തയ്യാറാക്കുന്നു. | നവംബർ ഡിസംബർ | SSG അധ്യാപിക |

## പ്രവർത്തനം 2

പേര് : ഫീൽഡ് ട്രിപ്പ്

ഉപമേഖല : പൊതു സ്ഥാപനങ്ങൾ

ലക്ഷ്യം : സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| പോലീസ് സ്റ്റേഷൻ, പഞ്ചായത്ത്, കോർപ്പറേഷൻ, ആശുപത്രി, പോസ്റ്റോഫീസ് മുതലായ സ്ഥാപനങ്ങളിൽ ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | മൂന്ന് ടേമിലും | H.M ക്ലാസ് ടീച്ചർ |

# വിവര സാങ്കേതിക വിദ്യ

## പ്രവർത്തനം 1

**പേര്:** വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

**ഉദ്ദേശം:** അധ്യാപിക ശാക്തീകരണം

**ലക്ഷ്യം:** വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ [സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ] | ഓരോ മാസത്തിലും | SITC അധ്യാപിക |

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം നൽകുന്നു. IT, ICT പ്രവർത്തനങ്ങൾ / പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ - മുതൽ ഡിസംബർ വരെ | SITC അധ്യാപിക |

# പ്രവൃത്തി പരിചയം

## പ്രവർത്തനം-1

പേര് : പ്രവൃത്തിപരിചയ ശിൽപശാല

ഉദ്ദേശ ലക്ഷ്യം : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക
നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ<br>പേപ്പർ ക്രാഫ്റ്റ്,<br>വെജിറ്റബിൾ പ്രിന്റിംഗ്<br>പാവ നിർമ്മാണം<br>മുതലായവ | സെപ്റ്റംബർ | അധ്യാപിക<br>രക്ഷിതാക്കൾ |

## പ്രവർത്തനം-2

പേര് : പേപ്പർ ബാഗ് നിർമ്മാണം
പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

ഉദ്ദേശ ലക്ഷ്യം : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്
നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| പേപ്പർ ബാഗ് നിർമ്മാണം കുട്ടികളെ പരിചയപ്പെടുത്തുക. അതിലൂടെ വിദ്യാലയം പ്ലാസ്റ്റിക് രഹിത വിദ്യാലയമാക്കി മാറ്റുക. | ജൂൺ - മാർച്ച് | SSG |

# പ്രവൃത്തിപരിചയം

പ്രവർത്തനം.3

പേര് : ഒറിഗാമി

മേഖല : കരകൗശലപരിശീലനം

ലക്ഷ്യം : ഇതര വിഷയവുമായി, പഠനവുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- |
| ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകി പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ഒരുക്കൽ. ഇതിനായി രക്ഷിതാക്കളുടെ സഹായവും തേടാം. വിദഗ്ദ്ധരായ രക്ഷിതാക്കളുടെ സേവനം ഇതിനായി ആവശ്യപ്പെടാം. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ രക്ഷിതാക്കൾ |

# സർഗവേദി

പ്രവർത്തനം:1

പേര് : സർഗവേദി

ഉപമേഖല : പ്രകടനവേദികൾ

ലക്ഷ്യം : കലാഭിരുചി വളർത്തുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- |
| ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ | എല്ലാ ആഴ്ചയിലും | അധ്യാപിക |
| നൃത്തം, അഭിനയം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് എന്നിമേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG PTA അധ്യാപകർ |

പ്രവർത്തനം.2

പേര് : പ്രകടനവേദികൾ

ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

ലക്ഷ്യം : ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- |
| കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവെയ്ക്കൽ | ജൂൺ മുതൽ മാർച്ച് വരെ | SRG അധ്യാപിക PTA |

# ആരോഗ്യ - കായിക- വിദ്യാഭ്യാസം

## പ്രവർത്തനം-1

പേര് : കായികാരോഗ്യം

ഉപമേഖല : എക്സർസൈസ്, യോഗ, സുംബ

ലക്ഷ്യം : മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ എന്തു ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| യോഗയിലൂടെയും ചെറിയ എക്സർസൈസിലൂടെയും കുട്ടികളുടെ മാനസിക ആരോഗ്യത്തിന് മുൻതൂക്കം നൽകാം. ആവശ്യമെങ്കിൽ പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസുകൾ സംഘടിപ്പിക്കാം. | ജൂൺ - മാർച്ച് വരെ | HM<br>SRG<br>PTA |

## പ്രവർത്തനം-2

പേര് : ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല : ആരോഗ്യം

ലക്ഷ്യം : എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പു വരുത്തുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്തുന്നതിനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | പി.ടി.എ |

# ആരോഗ്യ- കായിക- വിദ്യാഭ്യാസം

പ്രവർത്തനം- 3

പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശില്പശാല

ഉപമേഖല: അധ്യാപിക ശാക്തീകരണം

ലക്ഷ്യം : ആരോഗ്യ- കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- |
| PT പിരീഡിൽ ഫിസിക്കൽ എക്സർസൈസ്, ഗെയിംസ്, എന്നിവ നൽകുന്നതിന് ക്ലാസ് അധ്യാപകർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് വരെ | HM PTA |